നെൽക്കൃഷിക്കാരുടെ ബുദ്ധിമുട്ട് ഒഴിവാക്കാനുള്ള നടപടി

186. [179] ശ്രീ. കെ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ വിലക്കുറവുമൂലവും ഉല്പാദനചെലവിന്റെ വർദ്ധനവുമൂലവും കർഷകർ വളരെയേറെ ബുദ്ധിമുട്ടുന്നു എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സങ്കടപരിഹാരാർത്ഥം ഗവൺമെന്റ് എന്തെങ്കിലും ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) രാസവസ്തുക്കളുടെയും കീടനാശിനികളുടെയും വിലയിൽ സാരമായി വെട്ടിക്കുറവ് നടത്തിയും ജലനികുതിയുടെയും വൈദ്യുതിയുടെയും വർദ്ധിപ്പിച്ച നിരക്ക് ഒഴിവാക്കിയും നെൽക്കൃഷി ലാഭകരമാക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കൃഷിക്കാർക്ക് പല പദ്ധതികളും വഴി സഹായങ്ങൾ ചെയ്തിട്ടുണ്ട്.

(സി) കേന്ദ്ര ഗവൺമെന്റ് രാസവളങ്ങളുടെ വില കുറച്ചതുകൊണ്ട് ഇപ്പോൾ രാസവളങ്ങൾ ന്യായമായ വിലയ്ക്ക് വിതരണം നടത്തിവരുന്നതാണ്. കീടനാശിനികളുടെ വില നിയന്ത്രണം സംസ്ഥാന ഗവൺമെന്റിന്റെ അധികാരപരിധിയിൽപ്പെട്ടതല്ല. കേന്ദ്ര സർക്കാർ 1974 മുതൽ ഉല്പാദിപ്പിക്കുന്ന സാങ്കേതിക രാസവസ്തുക്കളുടെ 50 ശതമാനം സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ നൽകി കീടനാശിനികൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

ജലനികുതിയുടെയും വൈദ്യുതിയുടേയും നിരക്ക് കുറയ്ക്കുവാൻ ഉദ്ദേശമില്ല.

ഇ. എസ്. ഐ. ആശുപത്രികളിൽ ആയുർവേദ വിഭാഗം

187. [180] ശ്രീ. സി. എസ്. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ. എസ്. ഐ. ആശുപത്രികളിൽ ഓരോ ആയുർവേദവിഭാഗം കൂടി തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ചില സ്ഥലങ്ങൾക്ക് ആയുർവേദ ചികിൽസ ആവശ്യമായിവരുന്നതുകൊണ്ട് പലപ്പോഴും തൊഴിലാളികൾക്ക് ഈ വിഭാഗത്തെ ആശ്രയിക്കേണ്ടിവരുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. പക്ഷേ ഇതു നടപ്പിലാക്കാൻ ചില പ്രായോഗിക വൈഷമ്യങ്ങളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly